പിഴയായി ഈടാക്കിയ തുക

68 (1538) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ജനുവരി മുതൽ 2011 ജനുവരി വരെ ഹെൽമെറ്റ് ധരിക്കാത്ത എത്ര കേസ്സുകളിൽ പിഴ ഈടാക്കി ; എത്ര രൂപ ഈയിനത്തിൽ ലഭ്യമായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ മദ്യപിച്ച് വാഹനമോടിച്ചതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(സി) അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങൾ ഓടിച്ചിരുന്നവർ മദ്യപിച്ചിരുന്നോ എന്ന് പരിശോധിക്കാറുണ്ടോ ;

(ഡി) മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ പിഴ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം 3 പ്രാവശ്യത്തിൽ കൂടുതൽ പിഴ ഒടുക്കിയ വ്യക്തികളുടെ ലൈസൻസ് റദ്ദാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് അക്കാഡമിയുടെ പ്രവർത്തനം

69 (1539) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് അക്കാദമിവഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത അക്കാദമിവഴി ദുരന്ത നിവാരണങ്ങൾക്കായി എന്തൊക്കെ ട്രെയിനിംഗുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫയർമാൻ റിക്രൂട്ട്സ്, ഫയർമാൻ ഡ്രൈവർ റിക്രൂട്ട്സ് എന്നിവർക്കുള്ള പ്രീ-സർവ്വീസ് ട്രെയിനിംഗ്, ഡ്രൈവർ മെക്കാനിക്, ലീഡിംഗ് ഫയർമാൻ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ എന്നിവർക്കുള്ള ഇൻ സർവ്വീസ് ട്രെയിനിംഗ്, ഹോം ഗാർഡുകൾക്കുള്ള ട്രെയിനിംഗ് എന്നിവ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിവഴി നടത്തുന്നു.

(ബി) ഫയർ സർവ്വീസ് അക്കാദമിയിൽ നടത്തുന്ന എല്ലാവിധ ട്രെയിനിംഗുകളും ദുരന്തനിവാരണം നടത്തുന്നതിന് വേണ്ടിത്തന്നെയുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly